# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2594</u>      <u>27.01.2014 ൽ മറുപടിക്ക്</u>

**കാൻസർ, ടി.ബി.രോഗികൾക്ക് പെൻഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കാൻസർ, ടി.ബി.രോഗികൾക്ക് എന്തെങ്കിലും പെൻഷൻ പദ്ധതി നിലവിലുണ്ടോ; | (എ) | നിലവിലുണ്ട് |
| (ബി) | പ്രസ്തുത പെൻഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമവും മാനദണ്ഡവും വിശദമാക്കാമോ ? | (ബി) | ടി പെൻഷനുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡം ചുവടെ ചേർക്കുന്നു.<br><u>ക്ഷയരോഗികൾക്കുള്ള ധനസഹായത്തിന് അർഹതയുള്ളവർ</u><br>1. സംസ്ഥാന നിവാസികൾ, അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് കേരളത്തിൽ ഒരു വർഷത്തിൽ കൂടുതൽ സ്ഥിരതാമസം ഉള്ളവരും എന്നാൽ സംസ്ഥാനത്തിനകത്തുള്ള ഏതെങ്കിലും ടി.ബി ക്ലിനിക്കിലോ, ആശുപത്രിയിലോ, സാനിട്ടോറിയത്തിലോ പ്രവേശിപ്പിച്ചിട്ടില്ലാത്തവരുമായ നിർധനരായ എല്ലാ ക്ഷയരോഗികൾക്കും ഈ പദ്ധതി അനുസരിച്ചുള്ള സാമ്പത്തിക സഹായത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്<br>2. വാർഷിക വരുമാന പരിധി 1,00,000/- രൂപ<br>3. അസിസ്റ്റന്റ് സർജൻ പദവിയിൽ താഴെ അല്ലാത്ത ഒരു മെഡിക്കൽ ഓഫീസർ അപേക്ഷയിലെ കക്ഷി ക്ഷയരോഗിയാണെന്നും ആയാൾക്ക് 6 മാസത്തേക്കെങ്കിലും ചികിത്സ ആവശ്യമാണെന്നും സാക്ഷ്യപ്പെടുത്തേണ്ടതാണ്<br><br><u>കാൻസർ രോഗികൾക്കുള്ള ധനസഹായം</u><br>1. അപേക്ഷകർ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ തുടർച്ചയായി രണ്ടു വർഷത്തിൽ കുറയാതെ കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കണം<br>2. വാർഷിക വരുമാന പരിധി 1,00,000/- രൂപ |

സെക്ഷൻ ഓഫീസർ